# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025 – 26

# പടവുകൾ



**പനവൂർ ഗ്രാമപഞ്ചായത്ത്**

**ഗവ. എൽ. പി. എസ് പനയമുട്ടം**

# ഗവ. എൽ. പി. എസ് പനയമുട്ടം

| | | |
|---|---|---|
| **സബ് ജില്ല** | **:** | **നെടുമങ്ങാട്** |
| **വിദ്യാഭ്യാസ ജില്ല** | **:** | **ആറ്റിങ്ങൽ** |
| **ജില്ല** | **:** | **തിരുവനന്തപുരം** |

# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- ലഘുചരിത്രം
- പൊതുലക്ഷ്യങ്ങൾ
- സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ, പരിമിതികൾ
- വിവിധ വിഷയങ്ങളുടെ ലക്ഷ്യങ്ങളും അവയുടെ പ്രവർത്തനങ്ങളും

Std - I

മലയാളം

പരിസരപഠനം

ഗണിതം

ഇംഗ്ലീഷ്

Std - II

മലയാളം

പരിസരപഠനം

ഗണിതം

ഇംഗ്ലീഷ്

Std - III

മലയാളം

പരിസരപഠനം

ഗണിതം

ഇംഗ്ലീഷ്

Std - IV

മലയാളം

പരിസരപഠനം

ഗണിതം

ഇംഗ്ലീഷ്

# ആമുഖം

നെടുമങ്ങാട് സബ് ജില്ലയിൽ  പനവൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ഒരിക്കൽ അടച്ചു പൂട്ടൽ ഭീക്ഷണി നേരിട്ടതുമായ ഗവ. എൽ. പി. എസ്സ് പനയമുട്ടം എന്ന വിദ്യാലയം ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. 2015 –16 ൽ 30 ൽ താഴെ മാത്രം കുട്ടികളായിരുന്ന ഈ വിദ്യാലയത്തിൽ ഇന്ന് ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൾ 82 കുട്ടികളും പ്രീ - പ്രൈമറി വിഭാഗത്തിൽ 39 കുട്ടികളുമായി മികച്ച മുന്നേറ്റത്തോടെ വളർന്നു വരുന്നു. അക്കാദമികമായും അല്ലാതെയും വിദ്യാലയം ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിദ്യാലയത്തിലെ എല്ലാ പരിപാടികളും സമൂഹപങ്കാളിത്തത്തോടെ സൂക്ഷ്മാംശം പരിശോധിച്ചാണ് ആസൂത്രണം ചെയ്യുന്നത്.

അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം, പ്രാദേശിക ഭരണകൂടങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങി സമസ്ത ഘടകങ്ങളുടെയും ഏകോപനത്തിലൂടെ വിദ്യാലയം ഇന്ന് മികച്ച നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ തനത് വിദ്യാഭ്യാസ പരിപാടികളിലും മത്സരങ്ങളിലും പ്രീ – പ്രൈമറി വിഭാഗത്തിലും, എൽ. പി വിഭാഗത്തിലും ഒന്നാം സ്ഥാനങ്ങൾ, ഓവറോളുകൾ എന്നിവ ഈ കുഞ്ഞു വിദ്യാലയത്തിന് സ്വന്തം. ഈ സ്കൂൾ നിരവധി സമ്മാനങ്ങളും ഓവറോൾ പ്രൈസും നേടിയിട്ടുണ്ട്. കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ വിദ്യാലയത്തെ വേറിട്ടു നിർത്തുന്നു.

നമ്മുടെ പനയമുട്ടം എൽ. പി സ്കൂൾ സ്ഥാപിതമായിട്ട് 75 വർഷങ്ങൾ ആയിരിക്കുകയാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് ആളുകൾ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയവരാണ്. അതിൽ കുഞ്ഞുങ്ങൾ മുതൽ വൃദ്ധരായവർ വരെയുണ്ട്. നിറയെ കുഞ്ഞുങ്ങൾ ഓടിക്കളിച്ചിരുന്ന വിദ്യാലയം ഒരുവേള കുട്ടികളുടെ എണ്ണം തീരെ കുറഞ്ഞ് അടച്ചുപൂട്ടലിന്റെ വക്കിൽ വരെയെത്തി. എന്നിട്ടും സൗഹൃദമനസ്സുകളുടെയും പി. റ്റി. എ യുടെയുമൊക്കെ

ആത്മാർത്ഥമായ ഇടപെടലിലൂടെ ആ പ്രതിസന്ധിയെ നാം വിജയകരമായി തരണം ചെയ്തു. മാത്രമല്ല ഇന്ന് പുരോഗതിയുടെ പാതയിലൂടെ ഉറച്ച കാൽവയ്പ്പുകളുമായി ഈ വിദ്യാലയം മുന്നേറുകയാണ്.

നമ്മുടെ കലാലയ മുത്തശ്ശിയുടെ 75 -ാം പിറന്നാൾ വേളയിൽ ഇവിടെ നിന്ന് പഠിച്ചിറങ്ങിയ എല്ലാവരെയും വീണ്ടും ഒരിക്കൽ കൂടി വിദ്യാലയ മുറ്റത്തേക്ക് ഒത്തു കൂട്ടുന്നതിനായി **'ഒരുവട്ടം കൂടി'** എന്ന പൂർവ്വ വിദ്യാർത്ഥി സംഗമം 2024 ജൂലൈ 21 ന് സ്കൂൾ അങ്കണത്തിൽ വച്ച് നടക്കുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്ത നങ്ങളാണ് 75 -ാം വാർഷികത്തോട് അനുബന്ധിച്ച് വിദ്യാലയം ആസൂത്രണം ചെയ്തി രിക്കുന്നത്.

എച്ച്. എം ഉൾപ്പെടെ നാല് പി. സ്ഥിരാധ്യാപകരും ഒരു പി.റ്റി. എ ടീച്ചറും ഒരു പി. റ്റി. സി. എം ഉം നഴ്സറിയിൽ രണ്ട് അധ്യാപകരും ഒരു ആയയും സേവ നമനുഷ്ടിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാ ലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ്. അതിന് കരുത്ത് പക രാൻ ഏറെ സഹായകരമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി. റ്റി. എ പ്രസിഡന്റ്
മനീഷ് നാരായൺ

ഹെഡ്മിസ്ട്രസ്
പുഷ്പചിത്ര കെ. എസ്

# <u>അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. എൽ. പി. എസ് പനയമുട്ടം |
| മേൽവിലാസം | : | പനയമുട്ടം, പനവൂർ പി. ഒ. |
| | | നെടുമങ്ങാട്, തിരുവനന്തപുരം – 695568 |
| ഫോൺ | : | + 91 94977 76152 |
| E – mail | : | panayamuttomlps@gmail.com |
| Face book | : | Glps Panayamuttom |
| School wiki | : | Glps Panayamuttom |
| സ്കൂൾ കോഡ് | : | 45516 |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുമങ്ങാട് |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി. ആർ. സി | : | നെടുമങ്ങാട് |
| ഗ്രമപഞ്ചായത്ത് | : | പനവൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| വില്ലേജ് | : | പനവൂർ |
| താലൂക്ക് | : | നെടുമങ്ങാട് |
| നിയമസഭാ മണ്ഡലം | : | നെടുമങ്ങാട് |
| ലോകസഭാ മണ്ഡലം | : | ആറ്റിങ്ങൽ |

# ലഘുചരിത്രം

1930 - ൽ പനയമുട്ടത്ത് കുടിപ്പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. മംഗലശ്ശേരി വീട്ടിൽ കേശവക്കുറുപ്പ് എന്ന് അറിയപ്പെടുന്ന ചന്ദ്രശേഖരൻ നായരുടെ ശ്രമഫലമായി 1948 - ൽ പനയമുട്ടത്ത് ഒരു ഗവ. എൽ. പി. സ്കൂൾ അനുവദിക്കപ്പെട്ടു. മലയടി പുത്തൻ ബംഗ്ലാവിനടുത്തുള്ള ഷെഡിൽ 1948 മെയ് 17 ന് സ്കൂളിന്റെ പ്രവർത്തനം തുടങ്ങി. പ്രഥമമാധ്യാപകൻ ഇല്ലാതിരുന്നതിനാൽ ചെട്ടിയാർ സാർ എന്നു വിളിച്ചിരുന്ന എസ്. കുമാരപിള്ള, ടീച്ചർ ഇൻ ചാർജ്ജ് എന്ന നിലയിൽ പ്രഥമാധ്യാപകന്റെ ചുമതല നിർവ്വഹിച്ചു. പി. ദാമോദരൻ പിള്ള, കെ. ഗംഗാധരൻ പിള്ള എന്നിവർ ആദ്യകാല അധ്യാപകർ ആയിരുന്നു.

മലയടി വടക്കുംകര പുത്തൻ ബംഗ്ലാവിൽ പി. കൃഷ്ണപിള്ളയുടെ മകൾ ബി. വിജയമ്മയാണ് ആദ്യ വിദ്യാർത്ഥി. സ്കൂൾ ആരംഭിച്ച് നാലു മാസത്തിനു ശേഷം മലയടിയിൽ നിന്നും കുരിയോട് നാരായണ പിള്ളയുടെ സ്ഥലത്ത് ഉണ്ടാക്കിയ ഉണങ്ങിയ പുല്ല് മേഞ്ഞ ഷെഡ്ഡിലേക്ക് പള്ളിക്കൂടം മാറ്റി. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 1952 - ൽ നിർവ്വഹിച്ചു. ആരംഭകാലത്ത് ആഞ്ചു ക്ലാസ്സുവരെ ഉണ്ടായിരുന്നു. 1959 നു ശേഷം നാലാം ക്ലാസ്സുവരെയായി ചുരുങ്ങി. ഷിഫ്റ്റ് സംവിധാനം ഉണ്ടായിരുന്നത് നിർത്തലാക്കി.

തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. ഡി. രാജൻ ഉൾപ്പെടെ പ്രമുഖർ പ്രഥമാധ്യാപകരായി സേവനം അനുഷ്ടിച്ചിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സുകളിൽ നേടേണ്ട എല്ലാ ശേഷികളും നേടി എന്ന ഉറപ്പുവരുത്തണം.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളെ അറിയിക്കും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കും.
- എല്ലാ കുട്ടികളേയും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ വായിക്കാനും എഴുതാനും കഴിയുന്നവരാക്കുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തും. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കും, കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എല്ലാ കുട്ടികളെയും എത്തിക്കും.
- സ്കൂൾ ക്യാച്ച്മെന്റ് ഏര്യയിലെ എല്ലാ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക നിലവാരം ഉയർത്തും.
- വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കും.
- **'എല്ലാ കുട്ടികളും മികച്ചതും ഒന്നാമതും'** എന്ന ലക്ഷ്യം മുൻ നിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പ്രത്സാഹനവും ഉയർന്ന പരിശീലനവും ലക്ഷ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിന ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- **'വിദ്യാലയം ഒരു പാഠപുസ്തകം'** എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരം മാറ്റും.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
- കൃഷി, ഔഷധതോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കും.

## ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- എൽ. കെ. ജി മുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ **'കഥ കേൾക്കാം കഥ പറയാം'** എന്ന പ്രവർത്തനം നടത്തി വരുന്നു. എല്ലാ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളും ഉച്ചക്ക് കുട്ടികളുടെ റേഡിയോ സ്റ്റേഷനിലൂടെ കഥ അവതരണം നടത്തുന്നു. ചൊവ്വ, ബുധൻ ദിവസങ്ങളിൽ കുട്ടികൾ കഥകൾ അവതരിപ്പിക്കുന്നു.
- ഒന്നു മുതൽ നാല് ക്ലാസ്സുകളിലെ കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിനായി എല്ലാ തിങ്കളാഴ്ച്ചയും ലൈബ്രറി പുസ്തക വിതരണവും വ്യാഴാഴ്ചകളിലെ അസംബ്ലിയിൽ ആസ്വാദന കുറിപ്പ് അവതരണവും നടത്തി വരുന്നു. .
- കുട്ടികളുടെ റേഡിയോ സ്റ്റേഷൻ
  - രാവിലെ അസംബ്ലിയിൽ പത്രവായന
  - 1.30 ന് ജി. കെ ടൈം

  എല്ലാ ദിവസവും കഥ പറച്ചിൽ. എന്നിവ നടത്തുന്നു.
- വിദ്യാലയത്തിൽ മികച്ച പച്ചക്കറി തോട്ടം ഒരുക്കുന്നു.
- **ഹരിതവിദ്യാലയം:** വിദ്യാലയ പരിസരത്തു നിന്നും ഹാനീകരമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കി, അവ പ്രത്യേകം തരംതിരിച്ച് ഹരിതകർമ്മസേനക്ക് കൈമാറുന്നു.
- ഒന്ന്, രണ്ട്, ക്ലാസ്സുകളിലെ കുട്ടികളുടെ താളവും സർഗ്ഗാത്മക ശേഷി വികാസവും ലക്ഷ്യമിട്ടുകൊണ്ട് പാട്ടരങ്ങ്, ബാലസഭ എന്നിവ നടത്തി വരുന്നു.
- മൂന്ന്, നാല് ക്ലാസ്സുകളിൽ കാവ്യോത്സവം നടത്തി വരുന്നു.
- കലാപഠനം, പ്രവർത്തി പരിചയപഠനം, കായിക പഠനം എന്നിവക്ക് പ്രത്യേക പരിശീലനങ്ങൾ നൽകി വരുന്നു.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് **'അമ്മ എന്റെ ചങ്ങാതി'** എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യക്തിഗത കൈതാങ്ങ് നൽകുന്നു.
- സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

# പരിമിതികൾ

- ആധുനിക രീതിയിൽ നവീകരിച്ച കെട്ടിടവും, കമ്പ്യൂട്ടർ ലാബും ഇല്ല.
- വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നു എങ്കിലും, മികച്ച സ്കൂൾ ലൈബ്രറിയുടെ അഭാവം കുട്ടികളെ വായനയിലേക്ക് നയിക്കാൻ കഴിയുന്നില്ല.
- മത്സര പരീക്ഷകളിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- 10% കുട്ടികളെങ്കിലും പിന്നാക്കക്കാരാണ്.
- കുട്ടികളുടെ എണ്ണത്തിന ആനുപാതികമായ ലാപ്ടോപ്പുകളുടെ കുറവ്, സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് എന്നിവ പഠന പ്രവർത്തനങ്ങൾ I. C. T - യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.
- കെ - ഫോൺ കണക്ഷൻ ഇതുവരെയും ലഭ്യമായിട്ടില്ല.
- 10% കുട്ടികൾക്ക് ഗണിത ശേഷി, ഭാഷാ ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- 2015 മുതൽ വിദ്യാലയത്തിൽ 3+, 4+ കുട്ടികളുടെ പഠനം നടക്കുന്നു എങ്കിലും സർക്കാർ തലത്തിൽ അംഗീകാരം ഇല്ലാത്തതിനാൽ സേവനം അനുഷ്ടിക്കുന്ന രണ്ട് അധ്യാപകർക്കും ഒരു ആയയ്ക്കും ഓണറേറിയം ഇല്ലാത്തതിനാൽ വേതനം നൽകുന്നത് പി. റ്റി. എ യ്ക്ക് സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കുന്നു.
- അംഗീകാരമില്ലാത്തതിനാൽ പ്രീ - പ്രൈമറിക്ക് അക്കാദമിക കാര്യങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമല്ല.
- കുട്ടികൾക്ക് കളിക്കുവാൻ നല്ലൊരു കളിസ്ഥലമോ പഠന പാർക്കുകളോ സ്കൂളിൽ നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല.
- അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഇന്ററാക്ടീവ് ബോർഡുള്ള സ്മാർട് ക്ലാസ്സ് റൂം ഇല്ല.

# ലക്ഷ്യങ്ങൾ

## മേഖല: ഭാഷ

- എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്ത രാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയേജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്ന് ഉറപ്പു വരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജ നപ്പെടുത്തുക.
- മികച്ച വായന ശീലം വളർത്തുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.

## മേഖല: ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന എല്ലാ കുട്ടിക ളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക.
- സാങ്കതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന പ്രയോജനപ്പെടു ത്തുക.
- ക്ലാസ്സ്തല വായനാമൂല, ക്ലാസ്സ് ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തക ങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോ ഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പു കൾ ആസൂത്രണം ചെയ്യുക.

## മേഖല: പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രീയശേഷികൾ വികസിപ്പിക്കുക.
- സ്കുളിലെ മുഴുവൻ കുട്ടികളെയും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാറ്റുക.
- കൃഷിയിൽ താൽപര്യം ജനിപ്പിക്കുക.
- കൃഷി, തൊഴിലുകൾ എന്നിവയോട് ആഭിമുഖ്യം വളർത്തുക.
- പ്രകൃതി വിഭവങ്ങളെ പിരപോഷിപ്പിക്കാനുള്ള താൽപര്യം കുട്ടികളിൽ വളർത്തുക.

## മേഖല: ഗണിതം

- അടിസ്ഥാന ഗണിത ക്രീയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസ്സിലും കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- പ്രായോഗിക പ്രശിനങ്ങൾ പരിഹരിക്കുന്നതിന ഗണിതത്തെ പ്രയോജനപ്പെടുത്തുക.

## മേഖല: ഐ. സി. റ്റി. സി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതിക വിദ്യയെ ഫലപ്രധമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## മേഖല: പ്രവർത്തി പരിചയം

- നിർമ്മാനാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ മറ്റ് ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി പ്രവർത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## മേഖല: കലാപരിശിലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- എല്ലാ കുട്ടികളും മികച്ചതും ഒന്നാമതും എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരി ശീലന പരിപാടികൾ ഒരുക്കുക.

## മേഖല: ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശാലങ്ങൾ വളർത്തുക.
- എല്ലാ കുട്ടികൾക്കും അവസരമുണ്ടാക്കുക.
- വിവിധ കായിക ഇനങ്ങളിൽ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുക.
- പൊതുപരിപാടികളിൽ വിവിധ കായിക ഇനങ്ങൾ അവതരിപ്പിക്കുന്നതിന അവസരമൊ രുക്കുക.

# <u>അക്കാദമിക്ക് മാസ്റ്റർ പ്ലാൻ</u>

**ക്ലാസ്സ് : 1**

## <u>ആമുഖം</u>

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കുടുതൽ മെച്ചപ്പെടുത്തക, സമൂഹത്തിലെ എല്ല വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുട ഭാഗമാക്കുക. എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. 2024 – 25 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകികൊണ്ട് അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് പഠന നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്. പുതിയ അധ്യായന വർഷത്തിൽ ഭാഷയിലും ഗണിത്തിലും പരിസര പഠനത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധമുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാക്കുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും ലക്ഷ്യമിടുന്നു.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ്: 2**

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെയും ഗുണാത്മകവും ഫലപ്രദവുമായ നേട്ടങ്ങൾ സൃഷ്ട്ടിച്ചുകൊണ്ട് മുന്നേറുകയാണ്. വിദ്യാഭ്യാസം എന്ന സാംസ്കാരിക പ്രക്രിയയുടെ അന്തസത്ത പൂർണ്ണമായും ഉൾകൊണ്ടുകൊണ്ട് വിദ്യാർത്ഥിയുടെ സമഗ്ര വികാസം എന്ന ലക്ഷ്യ പ്രാപ്തിയിലേക്ക് കടക്കുന്ന പദ്ധതികളാണ് വിദ്യാലയം ആവിഷ്കരിച്ചു വരുന്നത്.

രണ്ടാം തരത്തിൽകുട്ടികൾ നേടേണ്ട എല്ലാ ശേഷികളും കൈവരിക്കുന്നതിനായി പ്രവർത്തനങ്ങൾ സൂക്ഷ്മാംശതലത്തിൽ പരിശേധിച്ചു കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ കുട്ടികളും മികച്ചതും ഒന്നാമതുമാണ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നിവയിൽ ഉയർന്ന നിലവാരം ഉണ്ടാകുന്നതിനായി ലക്ഷ്യം വയ്ക്കുന്നു. എല്ലാ വിഷയത്തിനും എല്ലാ നൈപുണ്യങ്ങളും സ്വായത്തമാക്കി കൊണ്ട് ഒരു നല്ല വിദ്യസമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

# <u>അക്കാദമിക്ക് മാസ്റ്റർ പ്ലാൻ</u>

**ക്ലാസ്സ് : 3**

## <u>ആമുഖം</u>

ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ ലക്ഷ്യ വയ്ക്കുന്നത് സമഗ്രവിദ്യാഭ്യാസമാണ്. ഓരോ വിദ്യാർത്ഥികളും സ്വതന്ത്രമായും എഴുതുവാനും, വായിക്കുവാനും, രചിക്കുവാനും വരയ്ക്കുവാനും മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവിശ്യമായ ഇടപെടലുകളുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നുത്.

ഓരോ അധ്യായന വർഷങ്ങളിലും കുട്ടികൾക്ക് ലഭിക്കുന്ന പുതിയ പുതിയ അറിവുകളും ഇതോടൊപ്പം ഭാഷയിലും ശാസ്ത്രത്തിലും ചരിത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിലും വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.

# <u>അക്കാദമിക്ക് മാസ്റ്റർ പ്ലാൻ</u>

**ക്ലാസ്സ്: 4**

## <u>ആമുഖം</u>

പൊതു വിദ്യാലയങ്ങൾ നാടിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ ആകുംവിധം പരിവർത്തനം വരുത്താൻ സാധിച്ചതിന്റെ പിന്നിൽ കൃത്യമായ ആസൂത്രണവും ലക്ഷ്യബോധവുമുണ്ട്. വിദ്യാഭ്യാസ പ്രക്രീയയുടെ പ്രഥമ ഘടകം എന്ന നിലയിൽ സ്കൂളുകൾക്ക് വലിയ പ്രാധാന്യമാണ് ഉള്ളത്. ഒരു വിദ്യാർത്ഥി പൗരനായി രൂപപ്പെടുന്നതിന്റെ ഭൗതീക പരീക്ഷണശാലയാണ് വിദ്യാലയം. ഒരു നാടിന്റെ സാംസ്കാരികതയെ അടയാളപ്പെടുത്തുന്ന വൈജ്ഞാനിക കേന്ദ്രം എന്ന നിലയിലും വിദ്യാലയം തലയുയർത്തി നിൽക്കുന്നു. ഏതൊരു വ്യക്തിയുടെയും അറിവിന്റെ ആദ്യപാഠമായ വിദ്യാലയങ്ങൾ മുന്നോട്ടുള്ള വളർച്ചയിലെ സ്വാധീന ഘടകമാണ്. ക്രീയാത്മകമായും ഗുണാത്മകമായും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ഏറെ സഹായകരമാകുന്നു.

നാലാം ക്ലസ്സിൽ പഠിക്കുന്ന കുട്ടികൾ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കുമ്പോൾ നേടേണ്ട എല്ലാ ശേഷികളും നൈപുണികളും നേടി എന്ന് ഉറപ്പാക്കാൻ നമുക്ക് കഴിയണം. പഠന പിന്നാക്കം നിൽക്കുന്ന ഒരു കുട്ടി എല്ലാ ശേഷികളും കൈവരിക്കുന്ന തരത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എല്ലാവരെയും ഉൾകൊള്ളുന്നതായ പൊതുവിദ്യാഭ്യാസം ഭിന്നശേഷിക്കാരായവർക്കും മറ്റ് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും എല്ലാ പരിഗണനകളോടും കൂടി മികച്ച വിദ്യാഭ്യാസം നേടാൻ സാധിക്കുന്നു.